## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 209

19.06.2012-ൽ മറുപടിക്ക്.

### വ്യവസായ സൗഹൃദ സംസ്ഥാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ പരിവർത്തിപ്പിക്കുന്നതിൽ മുൻ സർക്കാർ സ്വീകരിച്ച നടപടികൾ തുടരുവാൻ തയ്യാറാകുമോ; | (എ) സർക്കാർ ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ കരട് രൂപം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ ആവിഷ്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവയൊരുക്കി വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ കേരളത്തിന്റെ തനത് മേഖലകളായ ഭക്ഷ്യ സംസ്കരണം, കയറ്റുമതി യധിഷ്ഠിതം, സമുദ്രോത്പന്നം, റബ്ബർ, മറൈൻ, ഗാർമെന്റ് എന്നീ മേഖലകളിൽ പശ്ചാത്തല സൗകര്യമൊരുക്കിക്കൊണ്ട് വ്യവസായ പാർക്കുകൾ സ്ഥാപിക്കുകയും പ്രസ്തുത പാർക്കുകളിൽ നിരവധി വ്യവസായ സംരംഭകർ അവരുടെ വ്യവസായങ്ങൾ ആരംഭിക്കുകയും വിജയകരമായി നടത്തിവരികയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തി കൂടുതൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുകയും അതുവഴി സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള തീവ്രശ്രമവും നടത്തുന്നു. |

(ബി) കേരളത്തിന് വികസിപ്പിച്ചെടുക്കാൻ കഴിയുന്ന വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ ഇപ്പോഴത്തെ ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) എമർജിംഗ് കേരള 2012 നിക്ഷേപ സംഗമത്തിലൂടെ കേരളത്തിന് സാധ്യതയുള്ള മേഖലകളും പദ്ധതികളും നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കുകയും അവർക്ക് താൽപര്യമുള്ള പദ്ധതികളിൽ മേൽ നടപടികൾ കൈക്കൊള്ളുന്നതുമാണ്. നിക്ഷേപകർ മുന്നോട്ട് വെയ്ക്കുന്ന അനുയോജ്യമായ പദ്ധതികളിലും സർക്കാർ നടപടിയെടുക്കുന്നതാണ്. കൂടാതെ നിലവിൽ കേരളത്തിന് വികസിപ്പിച്ചെടുക്കാൻ കഴിയുന്ന രണ്ട് വൻകിട പദ്ധതികളാണ് കൊച്ചി- പാലക്കാട് NIMZ പദ്ധതിയും കൊച്ചിയിലെ PCPIR പദ്ധതിയും. ഈ രണ്ട് പദ്ധതികളിലൂടെയും ധാരാളം വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ സാധിക്കും. ഇത് കൂടാതെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഭക്ഷ്യസംസ്കരണമേഖലയിലെ നിക്ഷേപം കൂടുതൽ ആകർഷിക്കുന്നതിന് വേണ്ടി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നടപ്പിലാക്കിയ ദേശീയ ഫുഡ് മിഷന്റെ ചുവട് പിടിച്ച് സംസ്ഥാന ഫുഡ് മിഷൻ 2012 ഏപ്രിലിൽ നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും കൂടാതെ നിരവധി പദ്ധതികൾ വഴി ഈ മേഖലയുടെ മൂല്യവർദ്ധന ലക്ഷ്യമാക്കി ആരംഭിക്കുന്ന പദ്ധതിയാണ് സ്റ്റേറ്റ് ഫുഡ് മിഷന്റേത്. ഇത് സംസ്ഥാനത്ത് ഭക്ഷ്യസംസ്കരണ മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് സഹായകരമാകുമെന്ന് കരുതുന്നു. സംസ്ഥാനത്തെ വൻ നഗരങ്ങളിൽ സീപോർട്ട് - എയർപോർട്ട് മേഖലകളെ കേന്ദ്രീകരിച്ച് വാണിജ്യ വ്യാപാര മേഖലകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഇതിന്റെ ഫലമായി എന്തെല്ലാം സംരംഭങ്ങൾ പുതുതായി സ്ഥാപിതമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

(സി) സർക്കാർ നടപ്പിലാക്കിയ ഒരു വർഷത്തെ കർമ്മ പദ്ധതിയിൽ കെ.എസ്.ഐ.ഡി.സിയുടെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. എമർജിങ്ങ് കേരള
2. അതിവേഗ റെയിൽ പാത
3. സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ ഇൻ കേരള
4. ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്
5. കൊച്ചി പാലക്കാട് NIMZ

6.കെ.എസ്.ഐ.ഡി.സി, കെ.ഐ.ഒ.സി. എൽ സംയുക്ത സംരംഭം.

7. പി.സി.പി.ഐ.ആർ. കൊച്ചി.

ഇതുകൂടാതെ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ 111 (നൂറ്റി പതിനൊന്ന്) ഓളം വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 338.36 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ ഇതുവഴി 3890 ഓളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും കരുതുന്നു.

**സെക്ഷൻ ഓഫീസർ**